ഈ സംഭവത്തിന് കാരണമെന്ന് അറിയുന്നു. ഈ കേസിലെ 14 പ്രതികളിൽ 3 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രതികൾ സി.പി.ഐ.(എം) പ്രവർത്തകരാണ്. സ്ഥലത്ത് ശക്തമായ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(6) ശിശുക്ഷേമ സമിതിയുടെ ബഡ്ജറ്റിനുള്ള അനുമതി

ശ്രീ. വി. കെ. ചന്ദ്രൻ : സർ, കേരള ശിശുക്ഷേമ സമിതിയുടെ ബഡ്ജറ്റ് ജൂൺ 30-നകം അംഗീകരിക്കാത്തതുകൊണ്ട് സമിതിയുടെ പ്രവർത്തനം തന്നെ സ്തംഭിച്ചിരിക്കുകയാണ്. 70 ക്രഷുകളിൽ തിരുവനന്തപുരത്ത് 2000 കുട്ടികളും മലപ്പുറത്തുള്ള 2 ദത്തെടുക്കൽ കേന്ദ്രത്തിൽ 43 കുട്ടികളും ഇപ്പോൾ പട്ടിണിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് സംസ്ഥാന ഗവൺമെന്റിന്റെ യാതൊരുവിധ സമ്പത്തികസഹായവും ഇല്ല. കേന്ദ്ര ഗവൺമെന്റ് നൽകുന്ന സഹായം, അംഗൻവാടി ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനത്തിനും ദത്തെടുക്കലിനുംവേണ്ടി കേന്ദ്രഗവൺമെന്റ് നൽകുന്ന സഹായവും ശിശുക്ഷേമ സമിതിയുടെ സ്റ്റാംപ് വിതരണവുമാണ് ഇതിൽ ആകെ വരുമാനം. മറ്റു ചിലയാളുകൾ നൽകുന്ന സമ്പത്തിക സഹായവും ഉണ്ട്. ഇതിൽ അമിതമായ നിയന്ത്രണം ഗവൺമെന്റ് അടിച്ചേൽപ്പിക്കുകയാണ്. ദത്തെടുക്കുന്നതിനും അംഗൻവാടികളുടെ പരിശീലനത്തിനും കേന്ദ്രസർക്കാർ നൽകുന്ന സഹായവും ശിശുക്ഷേമ സമിതിയുടെ സഹായവും ഇപ്പോൾ മുടങ്ങിയിരിക്കുകയാണ്. 50 ലക്ഷം രൂപയാണ് 2000 വരെ ശിശുക്ഷേമ സമിതിയുടെ സ്റ്റാംപു വിൽപ്പനയിലൂടെ ലഭ്യമായിരുന്നത്. 2001-ൽ അത് 30 ലക്ഷം രൂപയായി. 2002-ൽ സ്റ്റാംപുതന്നെ അടിച്ചിറക്കാൻ അനുവാദം കൊടുത്തില്ല. ഇപ്പോൾ ആ രൂപത്തിൽ പണം കിട്ടാത്തതുകൊണ്ട് ഇതിന്റെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. ഈ കുട്ടികളോട് വിരോധമുണ്ടാകേണ്ട കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കില്ല. സ്ത്രീകളോടും കുട്ടികളോടും വിരോധമുണ്ടാക്കിയിട്ട് ഒരു നേട്ടവുമില്ല. അതുകൊണ്ട് ബഡ്ജറ്റ് പാസ്സാക്കിത്തരണമെന്നും ഇതിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് നടപടിയുണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : സർ, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇതുസംബന്ധിച്ച് ഒരു യോഗം ചേർന്നിരുന്നു. ഇവിടെ പറഞ്ഞതുപോലെ അവിടെ ചില പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങളെ സംബന്ധിച്ചും ചെലവുകളെ സംബന്ധിച്ചും ഒക്കെ യോഗം കൂടിയപ്പോൾ ചില കാര്യങ്ങൾ വന്നിട്ടുണ്ട്. അവരുമായിട്ട് ചർച്ച ചെയ്തു വരികയാണ്. ചർച്ച ചെയ്തിട്ട് അതിന്റെ അക്കൗണ്ടിംഗും മറ്റു കാര്യങ്ങളുമൊക്കെ ക്ലിയറായി പ്രവർത്തിക്കാൻവേണ്ട സപ്പോർട്ട് കൊടുക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് വിരോധമൊന്നുമില്ല. അവരുമായി ചർച്ച ചെയ്തുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly